"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി - എ.ഡി.എസ് - തിരുവനന്തപുരം ജില്ല — തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വി & എച്ച്.എസ്.എസ് മണക്കാട്, ഗവൺമെന്റ് യു.പി.എസ് പാൽകുളങ്ങര, ഗവൺമെന്റ് റ്റി.റ്റി.ഐ മണക്കാട് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവർത്തി പൂർത്തീകരിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.642/2024/GEDN തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:-

1. 09.12.2016 - ലെ സ.ഉ (പി) നമ്പർ. 178/16/ധന
2. 05.03.2019 - ലെ സ.ഉ (സാധാ) നമ്പർ. 1648/19/ധന
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30.09.2023 - ലെ എം1-4675/23 നമ്പർ നടപടിക്രമം
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2023 - ലെ ബി2/19314/2023/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2023 - 24) നിന്നും വി & എച്ച്.എസ്.എസ് മണക്കാട്, ഗവൺമെന്റ് യു.പി.എസ് പാൽകുളങ്ങര, ഗവൺമെന്റ് റ്റി.റ്റി.ഐ മണക്കാട് എന്നീ സ്കൂളുകൾക്ക് **' 4202-01-800-84- Project under LAC- ADS other project — NP '** എന്ന ശീർഷകത്തിൽ നിന്നും 74,00,000/- രൂപ (എഴുപത്തിനാല് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം ( 3 ) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ വാഹനം വാങ്ങുന്നതിനായി പ്രസ്തുത തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (4) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർ ശം ( 2 ) പ്രകാരം 1 4 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച തിരുവനന്തപുരം

നിയോജകമണ്ഡലത്തിലെ വി & എച്ച്.എസ്.എസ് മണക്കാട്, ഗവൺമെന്റ് യു.പി.എസ് പാൽ കുളങ്ങര , ഗവൺമെന്റ് റ്റി.റ്റി.ഐ മണക്കാട് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായി **74,00,000/- രൂപ (എഴുപത്തിനാല് ലക്ഷം രൂപ മാത്രം)** നടപ്പുസാമ്പത്തികവർഷം ' 4202-01-800-84- Project under LAC- ADS other project (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം ( 1 ) ഉത്തരവിലെ നടപടിക്രമങ്ങൾ പരാമർ ശം ( 3 ) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവർത്തി പൂർ ത്തീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (23.12.2023 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ E 2641586/ NC-B2/107/2023 — Fin പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 23-01-2024 11:04:01
സെക്ഷൻ ഓഫീസർ